# Arangu
# അരങ്ങ്

*Editor*
Dr. Jisha. S.K.

*First Published*
January 2021

*Published by*
Dr. Jisha. S.K.
Kunnuvila
Kattakkada P. O.
Pin 695572
Ph : 8606520272

*Printed at*
Insight Advertisers
Parassala
Ph : 8289859335

Size : Demi 1/8
Copies : 500

Copy rights Reserved
Prize : Rs. 150/-

ISBN : 9789356206878

9 789356 206878

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | അഭിനയവിനിമയത്തിലെ കളരി പാഠവും രംഗാവതരണവും | : ഡോ. പ്രവീൺ. കെ. ആർ | 07 |
| 2. | മുൻപേ പെയ്ത മഴയിൽ നനയുന്നവർ | : ഡോ. വന്ദന ബി | 14 |
| 3. | നളചരിതം ആട്ടക്കഥയുടെ വ്യതിരിക്തത | : ഡോ. ഡി. റെജികുമാർ | 22 |
| 4. | എതിർ വ്യവഹാരം നിർമ്മിതി പിഎം താജിന്റെ രാവുണ്ണിയിൽ | : ഡോ. ഷീബ കെ. ജോൺ | 38 |
| 5. | ഹാസ്യാവിഷ്ക്കാരം തുള്ളൽക്കൃതികളിൽ | : ഡോ. രേണുക. ഒ | 43 |
| 6. | കാക്കാരിശ്ശി നാടകസംഘങ്ങൾ – ചരിത്രവും വർത്തമാനവും | : ഡോ. ലാലു. എസ്. കുറുപ്പ് | 55 |
| 7. | തമിഴ് നാടക സാഹിത്യം | : ഡോ. ജിഷ. എസ്. കെ | 60 |

# അഭിനയവിനിമയത്തിലെ കളരി പാഠവും രംഗാവതരണവും

ഡോ. പ്രവീൺ. കെ. ആർ

**സംഗ്രഹം**

ദൃശ്യകലകൾക്ക് രംഗാവതരണം സംബന്ധിച്ച ഭിന്നതലങ്ങളാണുള്ളത്. സവിശേഷമായ ഒരു സമീപനം, സാമൂഹിക, രാഷ്ട്രീയ പ്രത്യയശാസ്ത്രം, വിശേഷണരീതി, വീക്ഷണ സൗന്ദര്യസങ്കല്പം, ആശയഗതി മുതലായവയെ അടിസ്ഥാനപ്പെടുത്തിയുള്ള അവതരണങ്ങളെല്ലാം ആട്ടപ്രകാരത്തിന്റെ പരിധിയിൽ വരുന്നതാണ്. സിനിമയുടെ അവതരണരൂപം തിരക്കഥ എന്ന പോലെ കഥകളി, കൂടിയാട്ടം കലകളുടെ അവതരണരൂപമാണ് ആട്ടപ്രകാരം. ആരംഭം മുതൽ അവസാനം വരെ ഒരു നിയതമായ ചട്ടക്കൂടിൽ വാർത്തെടുത്തതാണ് ഇവ. സാത്വികവേഷങ്ങളോടെ തുടങ്ങി തമോഗുണ വേഷങ്ങളോടെ അവസാനിക്കുന്ന പ്രസ്തുത കലകളുടെ ചൊല്ലിയാട്ടം അരങ്ങ് എന്നിവയിലെ അഭിനയ പാഠങ്ങളും വ്യാകരണപരമായ ചിഹ്ന സാദ്ധ്യതകളും ഈ പ്രബന്ധം മുന്നോട്ടു വയ്ക്കുന്നു. അതിനാൽകഥകളി, കൂടിയാട്ടം കലകളുടെ സാങ്കേതിക രൂപങ്ങൾക്ക് അനുയോജ്യമാകുംവിധം ആഖ്യാന രൂപത്തിലുള്ള മൂലകഥയെ വൈവിധ്യമുള്ള രംഗങ്ങളാക്കി, ബുദ്ധിപൂർവ്വമായി ദീർഘദൃഷ്ടിയോടെ സംവിധാനം ചെയ്യണം.

താക്കോൽവാക്കുകൾ : ചൊല്ലിയാട്ടം, രംഗപാഠം,
ചിഹ്നവിനിമയം, ഇളകിയാട്ടം, മനോധർമ്മം

**ആമുഖം**

ഭരതമുനിയുടെ നാട്യശാസ്ത്രത്തെ അവലംബമാക്കികൊുള്ള അഭിനയ പ്രകടനത്തിലൂടെയാണ് കൂടിയാട്ടവും കഥകളിയും അതിന്റെ പൂർണ്ണതയെ നേടുന്നത്. ആംഗിക-സാത്വിക-ആഹാര്യ അഭിനയമെല്ലാം നാട്യപ്രധാനമാണ്. ഇതരകലകളിൽ ഉള്ള വാചികാഭിനയത്തിന്റെ സാധ്യത കഥകളിയിലെ ഗായകന്മാർ ആയതിനാൽ പൂർണ്ണമായും ശരീരകേന്ദ്രിതമായ അഭിനയമാണ് കഥകളിക്കുള്ളത്. അതി